KGB F 1249/ 800/ 06-22/Lipi

# കേരള ഗ്രാമീൺ ബാങ്ക്
# Kerala Gramin Bank

( A Government owned scheduled bank sponsored by Canara Bank)

# മൈക്രോ ഫിനാൻസ് ഇടപാടുകാരോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലി

## (ഫെയർ പ്രാക്റ്റീസ് കോഡ്)

# മൈക്രോ ഫിനാൻസുമായി ബന്ധപ്പെട്ട് ഇടപാടുകാരോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലി.

മൈക്രോ ഫിനാൻസുമായി ബന്ധപ്പെട്ട ഇടപാടുകാരുടെ അറിവിലേക്കായി ഈ വായ്പാ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും ഇടപാടുകാരായ വ്യക്തികളുമായി ബന്ധപ്പെടുമ്പോൾ ബാങ്കുകൾ നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ പെരുമാറ്റ നിലവാരങ്ങളും ഇതിൽ നിശ്ചയിച്ചിരിക്കുന്നു. ഇത് ഇടപാടുകാർക്ക് ഈ പദ്ധതിയുമായ് ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ഇടപാടുകാരോട് ബാങ്ക് എങ്ങിനെ പെരുമാറണമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

## മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി

300000/- (മൂന്ന് ലക്ഷം രൂപ) വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കായി നൽകുന്ന ഈടുരഹിതവായ്പയാണ് മൈക്രോ ഫിനാൻസ് വായ്പ. ഈ വായ്പയ്ക്കായുള്ള അപേക്ഷകരിൽ കുടുംബം എന്ന നിർവ്വചനത്തിൽ പെടുന്നത് ഭർത്താവ്, ഭാര്യ, കല്യാണം കഴിയാത്ത കുട്ടികൾ എന്നിവരാണ്.

വാർഷിക വരുമാനം 300000/- (മൂന്ന് ലക്ഷം രൂപ) വരെയുള്ള കുടുംബങ്ങൾക്കായി നൽകുന്ന എല്ലാ വിധ ഈടു രഹിത വായ്പകളും ഈ വിഭാഗത്തിൽപ്പെടുന്നു.

ഈ വായ്പകളുടെ ഈടുരഹിത സ്വഭാവം നിലനിർത്തുന്നതിനായി ഇത്തരം വായ്പകൾ ഇടപാടുകാരുടെ നിക്ഷേപവുമായി ബന്ധിപ്പിക്കുന്നതല്ല.

## ഇടപാടുകാരുടെ വാർഷിക കുടുംബ വരുമാനം

കുടുംബങ്ങളുടെ വാർഷിക വരുമാനം കണക്കാക്കുന്നതിനായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം ബാങ്ക് ഇതിനായി ഒരു മാർഗ്ഗനിർദ്ദേശ രേഖ നിശ്ചയിച്ചിട്ടുണ്ട്. ഈ രീതിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും ഓരോ അപേക്ഷകന്റേയും വാർഷിക കുടുംബ വരുമാനം നിർണ്ണയിക്കുന്നത്. ഇങ്ങനെ നിർണ്ണയിക്കുന്ന വരുമാനത്തിന്റെ ഒരു പകർപ്പ് ഇടപാടുകാർക്ക് നൽകുന്നതാണ്. സ്വയം നിയന്ത്രണ സ്ഥാപനങ്ങൾക്കും മറ്റ് അസോസിയേഷൻ, ഏജൻസികൾ തുടങ്ങിയവർക്കും അപേക്ഷകന്റെ വരുമാനം ബാങ്ക് നടപ്പാക്കുന്ന രീതി അനുസരിച്ച് നിർണ്ണയിക്കാവുന്നതാണ്. ഇടപാടുകാരന്റെ കുടുംബവരുമാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് കൈമാറുന്നതാണ്. ഇങ്ങനെ കൈമാറുന്നതിന് മുമ്പായി നേരത്തെ കണക്കാക്കിയിട്ടുള്ള വാർഷിക വരുമാനവും ഇപ്പോൾ കണക്കാക്കുന്ന വാർഷിക വരുമാനവും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ ആയത് ക്രഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും ഉറപ്പുവരുത്തുന്നതാണ്.

## വായ്പയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട നിബന്ധനകൾ

നിലവിലുള്ള വായ്പകളുടെ മാസതിരിച്ചടവിനായുള്ള തുക കുടുംബത്തിന്റെ മൊത്തം മാസവരുമാനത്തിന്റെ 50% കവിയരുത്. ഇതിനായി കുടുംബത്തിന്റെ നിലവിലുള്ള എല്ലാ വായ്പകളുടേയും മൊത്തം തിരിച്ചടവിനായുള്ള മാസ ബാദ്ധ്യത കണക്കാക്കുന്നതാണ്. മാസതിരിച്ചടവ് ബാദ്ധ്യത കണക്കാക്കുമ്പോൾ വായ്പാ തുകയുടെ കൂടെ അനുബന്ധ പലിശകൂടി പരിഗണിക്കുന്നതാണ്.

കുടുംബ മാസവരുമാനത്തിന്റെ 50% കൂടുതൽ തിരിച്ചടവ് ബാദ്ധ്യത വരുന്ന കുടുംബങ്ങൾക്ക് പുതിയ വായ്പകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

ഇടപാടുകരാരുടെ നിലവിലുള്ള കടബാദ്ധ്യത നിർണ്ണയിക്കുന്നതിനായി ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ റിപ്പോർട്ടുകൾ കൂടാതെ മറ്റ് ഉറവിടങ്ങളിൽ നിന്നും (ഇടപാടുകാരിൽ നിന്നും വാങ്ങുന്ന സ്വയം സാക്ഷ്യപ്പെടുത്തുന്ന പ്രഖ്യാപനങ്ങൾ, ബാങ്ക് എക്കൗണ്ട് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ) ഈ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## വായ്പ, പലിശ, മറ്റ് ചാർജ്ജുകൾ

ഈ വായ്പാ പദ്ധതി പ്രകാരമുള്ള ഉയർന്ന വായ്പാ തുക 50000/ (അമ്പതിനായിരം രൂപ) യാണ്. ഈ വായ്പയുടെ പലിശ നിരക്ക് 12.5% (മൂന്ന് മാസം കൂടുമ്പോൾ കൂട്ടു പലിശ)മായി നിജപ്പെടുത്തിയിരിക്കുന്നു. പിഴ പലിശയായി 25000/ രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് 2% വസൂലാക്കുന്നതാണ്. പിഴപലിശ കുടിശ്ശികയായ ലോണുകൾക്ക് കുടിശ്ശികയായ കാലയളവിന് കണക്കാക്കിയായിരിക്കും നിർണ്ണയിക്കുക 25000/ രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 1%+ ജി.എസ്.ടി പ്രോസസിങ്ങ് ചാർജ്ജും 100രൂപ ഡോക്യുമെന്റേഷൻ ചാർജ്ജുമായി നൽകേണ്ടതാണ്.

നിലവിലെ പലിശ നിരക്കും മറ്റ് ചാർജ്ജുകളേയും കുറിച്ചുള്ള വിവരങ്ങൾ ബാങ്ക് ശാഖകളുടേയും ഓഫീസുകളുടേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ നിരക്കുകളിൽ വരുന്ന മാറ്റങ്ങൾ അതത് സമയങ്ങളിൽ ഇടപാടുകാരെ മുൻകൂട്ടി അറിയിക്കുന്നതാണ്.

## വായ്പാ തിരിച്ചടവ് കാലാവധി

ഈ വിഭാഗം വായ്പകളുടെ അനുവദിച്ചിരിക്കുന്ന ഏറ്റവും കൂടിയ തിരിച്ചടവ് കാലാവധി 60 മാസമാണ്. ഈ കാലാവധിക്കുള്ളിൽ വായ്പാ തുക പലിശയടക്കം മാസതവണകളായി പൂർണ്ണമായി തിരിച്ചടക്കേണ്ടതാണ്. മൈക്രോഫിനാൻസ് വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ അടങ്ങിയ ഒരു 'ലോൺ കാർഡ്' നൽകുന്നതാണ്.

1. ഇടപാടുകാരന്റെ തിരിച്ചറിയൽ രേഖ സംബന്ധിച്ച വിവരങ്ങൾ.
2. പലിശ, മറ്റ് ചാർജ്ജുകൾ തുടങ്ങിയവയുടെ വിവരങ്ങൾ.
3. വായ്പയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ.
4. തിരിച്ചടവ് പൂർണ്ണമായി ലഭിച്ചുകഴിഞ്ഞാൽ ബാങ്ക് നൽകുന്ന ക്യാപ്പിറ്റൽ റസീറ്റ്.
5. നോഡൽ ഓഫീസറുടെ പേര്, ഫോൺ നമ്പർ.

മൈക്രോഫിനാൻസ് വായ്പയുമായി ബന്ധപ്പെട്ടല്ലാതെ ഇടപാടുകാർക്ക് നൽകുന്ന മറ്റ് ബാങ്കിംഗ് ഉൽപ്പന്നങ്ങളെക്കുറിച്ച് ഇടപാടുകാരന്റെ പൂർണ്ണ അനുമതി ഉണ്ടായിരിക്കേണ്ടതാണ്. ഈ കാര്യം ഇടപാടുകാരന് നൽകുന്ന ലോൺ കാർഡിൽ പ്രതിപാദിക്കേണ്ടതാണ്.

ഈ വായ്പയുമായി ബന്ധപ്പെട്ട് ബാങ്ക് അധികൃതരിൽ നിന്നോ ബാങ്ക് നിയോഗിക്കുന്ന മറ്റ് വ്യക്തികളിൽ നിന്നോ ഉണ്ടാകുന്ന മോശമായ പെരുമാറ്റത്തിൽ ബാങ്ക് ഉത്തരവാദിയായിരിക്കും. ഇതുമായി ബന്ധപ്പെട്ട പരാതികൾ ഉത്തരവാദപ്പെട്ട ബാങ്കുദ്യോഗസ്ഥർ അതത് സമയങ്ങളിൽ തീർപ്പാക്കുന്നതാണ്.

മൈക്രോഫിനാൻസ് വായ്പകൾ മാസതവണകളായി തിരിച്ചടക്കേണ്ടതാണ്. മാസതവണകളിൽ വീഴ്ച വരുത്തിയാൽ ബാങ്ക് കുടിശ്ശിക നോട്ടീസ് അയക്കുന്നതും തുടർന്ന് നിയമനടപടികൾക്ക് വിധേയായി ലോൺ തുകയും പലിശയും വസൂൽ ചെയ്യുന്നതുമായിരിക്കും.

**************